നമ്പർ 131/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ വിദേശനാടുകളിലെ എല്ലാ പള്ളികളിലേയും വികാരിമാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

വാത്സല്യ മക്കളേ,
ആഗോള സാമ്പത്തിക മാന്ദ്യം എല്ലാ രാജ്യങ്ങളുടെയും സാമ്പത്തിക ഘടനയെ പ്രതികൂലമായി ബാധിക്കുന്ന സമയമാണല്ലോ ഇത്. പ. സഭയുടെ പ്രിയമക്കൾ വിവിധ രാജ്യങ്ങളിലായി ജോലി സമ്പാദിക്കുകയും, അതുവഴിയായി അവരുടെ നാട്ടിലുള്ള കുടുംബങ്ങളേയും, ഇടവകകളേയും, സഭയേയും വിവിധ നിലകളിൽ സഹായിക്കുകയും വളർത്തുകയും ചെയ്തിട്ടുണ്ട്. മലങ്കര സഭയുടെ പ്രവാസി മക്കൾ സഭയുടെ വിവിധ സംരഭങ്ങളെയും പ്രസ്ഥാനങ്ങളെയും കലവറയില്ലാതെ സഹായിച്ചിട്ടുണ്ട് എന്നുള്ള വസ്തുത നാം കൃതജ്ഞതയോടെ സ്മരിക്കുന്നു. സാമ്പത്തിക മാന്ദ്യം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ നമ്മുടെ അനേക സഭാമക്കളുടെ ജോലി നഷ്ടപ്പെടുന്നു എന്നുള്ളതിൽ നാം അതീവ ദു:ഖിതനാണ്. ജോലി നഷ്ടപ്പെടുന്നവരും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന സാമ്പത്തിക പരാധീനതയും, അതുമൂലം ഉണ്ടാകുന്ന മാനസിക ക്ലേശങ്ങളും നമ്മെയും വേദനിപ്പിക്കുന്നു. വലിയ നോമ്പിന്റെ ഈ നാളുകളിൽ ഈ പ്രശ്നത്തെ ദൈവസന്നിധിയിൽ സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. നിങ്ങൾക്കെല്ലാവർക്കും വേണ്ടി നാം കണ്ണീരോടെ ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നു. ആശങ്കയിലും ഭീതിയിലും കഴിയുന്ന എല്ലാവരെയും ദൈവസന്നിധിയിൽ നാം സമർപ്പിക്കുന്നു. ''ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ ശക്തീകരിക്കുന്ന യഹോവയാകുന്നു'' എന്ന് പൂർവ്വ പിതാക്കന്മാരോട് കല്പിച്ച് അവരെ ശക്തീകരിച്ച ദൈവം തമ്പുരാൻ, മക്കളേ, നിങ്ങളെ ശക്തീകരിക്കുവാൻ തക്കവണ്ണം നിങ്ങളോടു കൂടെയുണ്ട്; ''ലോകാവസാനത്തോളം കൂടെയിരിക്കുന്ന'' സർവ്വശക്തന്റെ കരുണയുടെ ചിറകിൻ കീഴിൽ നാം ഏവരും സുരക്ഷിതരാണ്. സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനത്താൽ നിങ്ങളുടെ ഹൃദയങ്ങൾ നിറയട്ടെ!

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2009 മാർച്ച് മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.